# ഖുർആനിന്റെ വ്യത്യസ്ത പാരായണശൈലികൾ

﴿القراءات السبع للقرآن الكريم﴾

[ مليالم – Malayalam – മലയാളം ]


മുഹമ്മദ് സ്വാലിഹ് അൽ മുനജ്ജിദ്

محمد صالح المنجد

http:// www.islam-qa.com

വിവർത്തനം : മുഹമ്മദ് സിയാദ്, കണ്ണൂർ

ترجمة / محمد زياد كنور



islamhouse.com

1433 - 2012

بِسْمِ اللهِ الرَّحْمَـنِ الرَّحِيم

**ചോദ്യം:**

മൂന്നാം ഖലീഫയായ ഉഥ്മാനിന്റെ(ﷺ) കാലത്ത് ഖുർആനിന്റെ ഔദ്യോഗിക ക്രോഡീകരണത്തിനായി സൈദുബ്നു ഥാബിതിന്റെ(ﷺ) മേൽനോട്ടത്തിൽ ഒരു കമ്മിറ്റിയെ ഏൽപിക്കപ്പെട്ടതായി ഞാൻ വായിച്ചിരുന്നു. എന്നിട്ടും ഈ ഉഥ്മാനി മുസ്ഹഫിൽ പോലും ഏകീകൃത പാരായണം സാധ്യമായിട്ടില്ല. ആദ്യകാല അറബി ഭാഷയിൽ സ്വരാക്ഷരങ്ങളില്ലാത്തതും വ്യഞ്ജനാക്ഷരങ്ങളിൽ ചിലത് ഒരേ രൂപത്തിലുള്ളതായതുമാണ് ഇതിന് കാരണം. വ്യത്യസ്ത അക്ഷരങ്ങൾ തമ്മിൽ വേർതിരിച്ചു മനസ്സിലാക്കുന്നതിനായി പുതിയ ചിഹ്നങ്ങൾ കൊണ്ടുവന്നു. എന്നാൽ അതു കൊണ്ടും വായനയിലെ വ്യതിയാനങ്ങൾക്ക് വിരാമമായില്ല.

ഹിജ്റ നാലാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ, ബഗ്ദാദിലെ ഖുർആൻ പാരായണക്കാരിലെ ഇമാം എന്നറിയപ്പെടുന്ന ഇബ്നു മുജാഹിദ്(ﷺ) ഈ പ്രശ്നത്തിന് ഒരു പരിഹാരം നിർദേശിച്ചു.ഹർഫ് (حرف) എന്ന അറബി പദം ഖിറാഅ(قراءة) എന്ന പദത്തിന്റെ പര്യായമായി പരിഗണിക്കണമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. അതിനാൽ വ്യത്യസ്തമായ ഏഴ് പാരായണങ്ങളും ശരിയാണ് എന്നതാണ് അദ്ദേഹത്തിന്റെ വീക്ഷണം. അദ്ദേഹത്തിന്റെ വീക്ഷണത്തിൽ, ഖുർആൻ ഏഴ് അഹ്റുഫു (أحرف)കളിലായിട്ടാണ് അവതരിക്കപ്പെട്ടത് എന്ന് നബി(ﷺ) പറഞ്ഞതിന്റെ ഉദ്ദേശം ഏഴ് വ്യത്യസ്ത രീതിയിലുള്ള പാരായണങ്ങളും അനുവദനീയമാണ് എന്നാണ്. ഇന്ന് രണ്ട് രീതിയിലുള്ള പാരായണങ്ങൾ മാത്രമാണ് പ്രാബല്യത്തിലുള്ളത്: നാഫിഇൽ (نافع) നിന്നും വർശ് (ورش) റിപ്പോർട്ട് ചെയ്ത രൂപത്തിലുള്ളതും ആസ്വിമിൽ (عاصم) നിന്നും ഹഫ്സ് (حفص) റിപ്പോർട്ട് ചെയ്ത രൂപത്തിലുള്ളതും.

**ചോദ്യം:**

വ്യത്യസ്ത തരം പാരായണ രീതികളെ കുറിച്ച് അറിയാൻ താൽ പര്യമുണ്ട്. തദ്‌വിഷയകമായ ഹദീഥുകളുണ്ടോ?

**ഉത്തരം:**

സ്തുതി അല്ലാഹുവിന് മാത്രം.

**ഒന്നാമതായി:**

അല്ലാഹു താങ്കളെ അനുഗ്രഹിക്കട്ടെ. ആരംഭത്തിൽ ഒറ്റ പാരായണ രീതിയിലായിട്ടാണ് ഖുർആൻ അവതരിച്ചത്. എന്നാൽ, നബി(ﷺ) ജിബ്‌രീലിനോട് നിരന്തരം ആവശ്യപ്പെട്ടു കൊണ്ടിരുന്നതിന്റെ ഫലമായി ജിബ്‌രീൽ ഏഴ് രീതികൾ അദ്ദേഹത്തെ പഠിപ്പിച്ചു. അവയെല്ലാം പരിപൂർണ്ണമാണ്.

ഇബ്നു അബ്ബാസ്(رضي الله عنه) നിവേദനം: നബി(ﷺ) പറഞ്ഞു: “ജിബ്‌രീൽ എനിക്ക് ഒരു ശൈലി പഠിപ്പിച്ചു തന്നു. കൂടുതൽ പഠിപ്പിച്ചു തരുന്നതു വരെ ഞാൻ അത് അവലോകനം ചെയ്തു കൊണ്ടിരുന്നു. കൂടുതൽ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ എനിക്ക് അദ്ദേഹം ഏഴ് രീതികൾ പഠിപ്പിച്ചു തന്നു. (ബുഖാരി, 3047; മുസ്‌ലിം, 819)

**രണ്ടാമതായി:**

അഹ്റുഫ് (أحرف) (ശൈലികൾ) എന്നാൽ എന്താണ്?

ഏറ്റവും ശരിയായ പണ്ഡിതാഭിപ്രായപ്രകാരം, ഖുർആൻ പാരായണം ചെയ്യുന്നതിന് ഏഴ് രീതികളുണ്ട്. അവയിൽ വാക്കുകൾക്ക് വ്യത്യാസമുണ്ടെങ്കിലും,പലപ്പോഴും ആശയത്തിന് മാറ്റമുണ്ടാവുകയില്ല. ഇനി ആശയ വ്യത്യാസമുണ്ടാവുകയാണെങ്കിൽ തന്നെ, അത് പ്രതിപാദ്യ വിഷയത്തിലുള്ള വ്യത്യാസം കാരണമായിട്ടാകാം.അതൊരിക്കലും വൈരുദ്ധ്യമല്ല.

**മൂന്നാമതായി:**

അഹ്റുഫ് (أحرف) എന്നതിനെ ചില പണ്ഡിതന്മാർ വ്യാഖ്യാനിച്ചത് അറബികൾക്കിടയിലുള്ള ഭാഷാഭേദമായിട്ടാണ്.എന്നാൽ, ഈ വ്യാഖ്യാനം സത്യവുമായി അതിവിദൂരത്താണ്. ഉമറുബ്നുൽ ഖതാബിൽ നിന്നുള്ള ഒരു ഹദീഥാണ് അതിനുള്ള കാരണം. അദ്ദേഹം പറഞ്ഞു: “ഞാൻ ഓതുകയും അല്ലാഹുവിന്റെ റസൂൽ എനിക്ക് പഠിപ്പിച്ചു തരികയും ചെയ്തതിൽ നിന്നും വ്യത്യസ്തമായി ഹിശാമുബ്നു ഹകീം സൂറത്തുൽ ഫുർഖാൻ ഓതുന്നത് ഞാൻ കേട്ടു.അവൻ നമസ്കരിച്ചു കൊണ്ടിരിക്കെ തന്നെ അവനോട് തർക്കിക്കാൻ ഞാൻ ഒരുങ്ങി. എന്നാൽ, അവൻ നമസ്കരിച്ചു തീരുന്നതു വരെ ഞാൻ കാത്തിരുന്നു. ശേഷം, അവന്റെ വസ്ത്രം കൊണ്ട് അവന്റെ കഴുത്തിനു ചുറ്റി ബലമായി പിടിച്ച് റസൂലി(ﷺ)ന്റെ മുമ്പിൽ കൊണ്ടു വന്ന ശേഷം പറഞ്ഞു: ‘അല്ലാഹുവിന്റെ റസൂലേ! അങ്ങ് എനിക്ക് പഠിപ്പിച്ചു തന്നതിൽ നിന്നും വ്യത്യസ്തമായ ഒരു ശൈലിയിൽ ഇയാൾ സൂറത്തുൽ ഫുർഖാൻ ഓതുന്നത് ഞാൻ കേട്ടു.’ നബി(ﷺ) അയാളോട് പറഞ്ഞു: ‘നീ ഓതുക’.ഞാൻ മുമ്പ് കേട്ട അതേ രീതിയിൽ തന്നെ അയാൾ ഓതി. അപ്പോൾ നബി(ﷺ) പറഞ്ഞു: ‘ഈ രീതിയിലാണ് അത് അവതരിച്ചത്.’ ശേഷം അവിടുന്ന് എന്നോട് കൽപിച്ചു: ‘ഓതുക’. ഞാൻ ഓതിയപ്പോൾ അവിടുന്ന് പറഞ്ഞു: ‘ഈ രീതിയിലാണ് അത് അവതരിച്ചത്.’ ഈ ഖുർആൻ ഏഴ് വ്യത്യസ്ത രീതികളിലായിട്ടാണ് അവതരിച്ചത്. അതിനാൽ,നിങ്ങൾക്ക് സൗകര്യപ്പെടുന്ന രീതിയിൽ നിങ്ങൾ ഓതിക്കൊള്ളുക.” (ബുഖാരി, 2287; മുസ്ലിം, 818)

ഹിശാം ഖുറൈശി ഗോത്രത്തിലെ ബനൂ അസദ് വംശത്തിൽ പെട്ടവനായിരുന്നു. ഉമറാകട്ടെ, ഖുറൈശി ഗോത്രത്തിലെ ബനൂ അദിയ്യ് വംശത്തിൽ പെട്ടവനും. അതായത്, ഇരുവരും ഖുറൈശി ഗോത്രക്കാരാണ്. ഖുറൈശികൾക്ക് ഒരൊറ്റ ഭാഷാശൈലിയേ ഉണ്ടായിരുന്നുള്ളൂ. അഹ്റുഫി (أحرف)ലുള്ള വ്യത്യാസമെന്നത് ഭാഷാശൈലിയിലുള്ള വ്യത്യാസമായിരുന്നെങ്കിൽ, ഖുറൈശികളിൽ പെട്ട രണ്ടാളുകളുടെ പാരായണം എങ്ങനെ വ്യത്യസ്തമായി?

ഇവ്വിഷയകമായി, പണ്ഡിതന്മാർക്കിടയിൽ വ്യത്യസ്തമായ നാൽ പതോളം അഭിപ്രായങ്ങളുണ്ട്! അതിൽ ഏറ്റവും ശരിയായത് നാം മുകളിലുദ്ധരിച്ചതാകാം. അല്ലാഹുവാണ് കൂടുതൽ അറിയുന്നവൻ!

**നാലാമതായി:**

ഏഴ് രീതികളും വ്യത്യസ്ത പദങ്ങളിലായിട്ടാണ് അവതരിച്ചതെന്ന് ഉമറിന്റെ(ﷺ) ഹദീഥ് സൂചിപ്പിക്കുന്നു. എന്തെന്നാൽ, ഉമർ(ﷺ)കോപിച്ചത് പാരായണ രീതി മാറിയതു കൊണ്ടാണ്, അല്ലാതെ അർത്ഥം മാറിയതു കൊണ്ടല്ല. രീതികളിലുള്ള ഈ വ്യത്യാസത്തെ വൈരുദ്ധ്യമായി കണ്ടു കൂടാ! ഇബ്നു മസ്ഊദ്(ﷺ) പറഞ്ഞു.

'ഹലുമ്മ, അഖ്ബിൽ, തആൽ ' (هلمّ/أقبل/تعال) (ഇവിടെ വരൂ, എന്ന് പറയാനുപയോഗിക്കുന്ന വ്യത്യസ്ത ശൈലികൾ) എന്നെല്ലാം പറയുന്നത് പോലെയാണത്."

**അഞ്ചാമതായി:**

ഏഴ് പാരായണങ്ങൾ അഥവാ അൽ ഖിറാആതുസ്സബ്അ: ( القراءات السبع) എന്നതിലെ ഏഴ് എന്ന എണ്ണം ഖുർആനോ സുന്നത്തോ അടിസ്ഥാനപ്പെടുത്തിക്കൊണ്ടുള്ളതല്ല.അത്, ഇബ്നുമുജാഹിദി(ﷺ)ന്റെ ഇജ്തിഹാദ് മാത്രമാണ്. അൽ അഹ്റുഫുസ്സബ്അ(الأحرف السبعة) (ഏഴ് രീതികൾ) തന്നെയാണ് അൽ ഖിറാആതുസ്സബ്ഉ (القراءات السبع) (ഏഴ് പാരായണങ്ങൾ) എന്ന് ജനങ്ങൾ ധരിച്ചു.കാരണം അവ രണ്ടിലും ഏഴ് എന്ന എണ്ണം വരുന്നുണ്ട്. ഈ എണ്ണം യാദൃശ്ചികമായി വന്നതാകാം.അതല്ലെങ്കിൽ, രീതികളുടെ(അഹ്റുഫ്) എണ്ണവുമായി യോജിക്കാൻ ഇബ്നു മുജാഹിദ്(ﷺ) മനഃപൂർവ്വം ചെയ്തതാകാം. രീതി(അഹ്റുഫ്)യും പാരായണവും ഒരേ അർത്ഥത്തിലുള്ളതാണെന്നു ചിലർ ധരിച്ചു വെച്ചു. അതും ശരിയല്ല. അത്തരത്തിലുള്ള ഒരു പ്രസ്താവന പണ്ഡിതന്മാർക്കിടയിൽ അറിയപ്പെട്ടിട്ടില്ല.

**ആറാമതായി:**

ഇബ്നു മുജാഹിദിന്റെ(ﷺ) വ്യത്യസ്ത പാരായണങ്ങൾ എന്നതു കൊണ്ടുള്ള ഉദ്ദേശം ഏഴ് രീതി അഥവാ ഹർഫ് (حرف) കളാണ് എന്ന താങ്കളുടെ പ്രസ്താവന ശരിയല്ല. അത് ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യ വ്യക്തമാക്കിയിട്ടുണ്ട്. (മജ്മൂഉൽ ഫതാവാ, വാ. 13, പേ. 120)

**ഏഴാമതായി:**

ഏഴ് പാരായണക്കാർ (ഖുർറാഅ്) ഇവരാണ്:

| | | |
|---|---|---|
| 1 | നാഫിഅ് അൽ മദനി | نافع المدني |
| 2 | ഇബ്നു കഥീർ അൽ മക്കി | ابن كثير المكي |
| 3 | അബൂ അംറുബ്നുൽ അലാ അൽ ബസ്‌രി | أبو عمرو بن العلاء البصري |
| 4 | അബ്ദുല്ലാഹിബ്നു ആമിർ അശ്ശാമി | عبد الله بن عامر الشامي |
| 5 | ആസിം അൽ കൂഫി | عاصم الكوفي |
| 6 | ഹംസ അസ്സയ്യാത് അൽ കൂഫി | حمزة الزيات الكوفي |
| 7 | അലീ അൽകിസാഈ അൽ കൂഫി | علي الكسائي الكوفي |

وَصَلَّى اللهُ وَسَلَّمَ عَلَى نَبِيِّنَا مُحَمَّدٍ وَعَلَى آلِهِ وَصَحْبِهِ أَجْمَعِين .

*********

*{We appreciate the efforts of Prof.Sheikh Yasir bin Hamza, University of Taibah, Madeenah Al-Munawwara, an expert in 'Knowledge of Tajweed' for reviewing this article, changes were made in this translation according to his valuable suggestions. – Webmaster, Malayalam/www.islamhouse.com }*